മലപ്പുറം	-	1
കണ്ണൂർ	-	13
കോഴിക്കോട്	-	5

1998-99 വർഷത്തെ സഹായം നൽകികൊണ്ടിരിക്കുകയാണ്.

(സി) 98-99 വർഷത്തെ സഹായം നൽകിക്കൊണ്ടിരിക്കുകയാണ്. ഫൗണ്ടേഷന്റെ ധനസഹായം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

1. സർക്കാർ ഉടമസ്ഥതയിലുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്നതുമായ ലൈബ്രറികൾക്ക് വിവിധ സ്കീമുകളിലേയ്ക്ക് അപേക്ഷിക്കാം.

2. സർക്കാരിതര ഏജൻസികളെ സംബന്ധിച്ചിടത്തോളം സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കണം.

3. ഏതെങ്കിലും ഒരു വ്യക്തിക്കോ ഒരു കൂട്ടം വ്യക്തികൾക്കോ സാമ്പത്തിക ലാഭത്തിനായി നടത്തുന്ന ലൈബ്രറി ആയിരിക്കരുത്.

4. ജാതി-മത ഭേദമന്യേ എല്ലാവർക്കും പ്രവേശനവും അംഗത്വവും നൽകുന്നവ ആയിരിക്കണം.

5. തൃപ്തികരമായി പ്രവർത്തിക്കുന്നവ ആയിരിക്കണം.

6. ഫൗണ്ടേഷൻ നിശ്ചയിച്ചിട്ടുള്ള മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ വേണം അപേക്ഷിക്കാൻ.

(ഡി) ഫൗണ്ടേഷന്റെ സ്റ്റേറ്റ് കമ്മിറ്റി നിയോഗിക്കുന്ന ബുക്ക് സെലക്ഷൻ കമ്മിറ്റിയാണ് ഗ്രന്ഥശാലകൾക്ക് നൽകേണ്ടുന്ന പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇതിനായി പ്രസാധകരിൽനിന്നും പുസ്തകങ്ങൾ വരുത്തി പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കി ഫൗണ്ടേഷന്റെ കൽക്കട്ടയിലുള്ള ആസ്ഥാന ഓഫീസിലേക്ക് അയയ്ക്കുന്നു. പുസ്തകങ്ങൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓഫീസിൽ ശേഖരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ലൈബ്രറികൾക്ക് അയച്ചു കൊടുക്കുന്നു. ഫൗണ്ടേഷന്റെ കൽക്കട്ട ഓഫീസ് വഴിയാണ് പേമെന്റ് നടത്തുന്നത്.

176 (1398) മൂന്നാട് സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൂന്നാട് ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഇതു സംബന്ധിച്ച് ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly